(ഡി) സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലുമായി 4133 ഡ്രൈവർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും 1771 പേർ എംപാനൽ വ്യവസ്ഥയിലും ജോലി നോക്കുന്നു. അവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

	ജില്ല	എംപ്ലോയ്മെന്റ് വഴി നിയമനം ലഭിച്ചിട്ടുള്ള ഡ്രൈവർമാർ	എംപാനൽ വഴി നിയമിച്ചവർ
1.	തിരുവനന്തപുരം	1511	707
2.	കൊല്ലം	526	141
3.	പത്തനംതിട്ട	167	55
4.	ആലപ്പുഴ	352	142
5.	കോട്ടയം	265	109
6.	ഇടുക്കി	44	28
7.	എറണാകുളം	142	161
8.	തൃശ്ശൂർ	102	117
9.	പാലക്കാട്	102	72
10.	മലപ്പുറം	46	46
11.	കോഴിക്കോട്	95	56
12.	വയനാട്	100	80
13.	കണ്ണൂർ	225	33
14.	കാസർഗോഡ്	148	03

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി.എ.

(341) ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇപ്പോൾ എത്ര ശതമാനം ഡി.എ. ആണ് നൽകിവരുന്നത്;

(ബി) സംസ്ഥാന ജീവനക്കാർക്ക് നൽകിവരുന്ന ഡി.എ.ക്ക് ഇതുമായി എന്തു വ്യത്യാസമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ഡി.എ, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്നേയ്ക്ക് നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 16% ഡി.എ. നൽകുന്നു.

(ബി) 6% വ്യത്യാസമുണ്ട്.

(സി) 6% ഡി.എ. ജൂൺ മാസ ശമ്പളത്തിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ 10% ഡി.എ. കൂടി ജീവനക്കാർക്കു നൽകാൻ തീരുമാനമായിട്ടുണ്ട്. ആ 10% ഡി.എ. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നൽകുന്നകാര്യം തീരുമാനമായിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികനില ഭദ്രമാക്കുന്നതനുസരിച്ച് ഡി.എ. കുടിശ്ശികയായ 10% നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly